**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി തസ്തികയിൽ ശ്രീമതി. സാവിത്രി പഴയടത്തിനെ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയ ഉത്തരവ് ഭേദഗതി ചെയ്ത് മുൻകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (എം.എസ്) നം. 28/2019/ത.സ്വ.ഭ.വ    തീയതി, തിരുവനന്തപുരം, 26/02/2019**

---

പരാമർശം : 1. സ.ഉ (എം.എസ്) നം. 13/2018/തസ്വഭവ തീയതി, 31/01/2018

2. ബഹു. കേരള ഹൈക്കോടതിയുടെ 29.05.2018 ലെ WP(C) 5869/2018 നം. വിധിന്യായം

3. പഞ്ചായത്ത് ഡയറക്ടറുടെ 23.11.2018, 19.01.2019 തീയതികളിലെ ഇ 9-25773/14 നമ്പർ കത്തുകൾ.

**ഉത്തരവ്**

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27.08.2014 ലെ OA(EKM) 306/2014 നം. ഉത്തരവിലെ നിർദേശപ്രകാരം കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവന്നിരുന്ന ശ്രീമതി. സാവിത്രി പഴയടത്തിനെ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 18.06.2001 പ്രാബല്യത്തിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നപേക്ഷിച്ച് ടിയാൾ ബഹു. ഹൈക്കോടതിയിൽ WP(C) 5869/2018 ആയി റിട്ട് ഫയൽ ചെയ്യുകയും ടി ഹർജിയിലെ പരാമർശം (2) ലെ വിധിന്യായത്തിൽ പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്ത് പരാതിക്കാരിയെ 18.06.2001 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിനും അപ്രകാരം സ്ഥിരപ്പെടുത്തുമ്പോൾ 25.11.2005 ലെ സ.ഉ(പി) നം. 501/2005/ധന ഉത്തരവിൻ പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുമെന്നും നിർദേശിക്കുകയുണ്ടായി.

കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ സ്വീപ്പിംഗ് ഏരിയ 577.4 ച.മീ ആണെന്ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനിയറുടെ 10/09/2010 തീയതിയിലെ സാക്ഷ്യപത്രവും പുതുക്കിയ സ്വീപ്പിംഗ് ഏരിയ 595.48 ച.മീ ആണെന്ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനിയറുടെ 25/10/2017 തീയതിയിലെ സാക്ഷ്യപത്രവും മുണ്ടേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയിരുന്നതായും എന്നാൽ ശ്രീമതി. സാവിത്രി പഴയടത്തിനെ സ്ഥിരപ്പെടുത്തുന്ന വിഷയം പരിഗണിക്കുന്നതിലേക്കായി പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ സമർപ്പിച്ചിരുന്ന ആദ്യ പ്രൊപ്പോസലിൽ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ സ്വീപ്പിംഗ് ഏരിയ 577.44 ച.മീ ആണെന്ന് 10/09/2010 തീയതിയിൽ

പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപെടുത്തി നല്കിയിരുന്നതിനാൽ സ.ഉ(പി) 501/2005/ധന ഉത്തരവ് പ്രകാരം 100 മുതൽ 800 ച.മീ. വരെ സ്വീപ്പിംഗ് ഏര്യ ഉള്ള ഓഫീസ് കെട്ടിടത്തിന് ഒരുപാർട്ട് ടൈം സ്വീപ്പർ തസ്തിക അനുവദിക്കാവുന്നതാണെന്നും ആയതിനാൽ ശ്രീമതി. സാവിത്രി പഴയടത്തിനെ സ്ഥിരപ്പെടുത്തുന്നതിന് അർഹമായ സ്വീപ്പിംഗ് ഏരിയ 10/09/2010 ൽ കൈവരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. സാവിത്രി പഴയടത്ത് 25 വർഷമായി മുണ്ടേരി ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ ജോലി ചെയ്യുന്നതായും മുണ്ടേരി ഗ്രാമപഞ്ചായത്ത് സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും മുണ്ടേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പരാമർശം (2) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്ത് കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി തസ്തികയിൽ ശ്രീമതി. സാവിത്രി പഴയടത്തിനെ 18.06.2001 മുതൽ പ്രാബല്യം നല്കി സ്ഥിരപ്പെടുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

പരാമർശം (2) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല.
ശ്രീമതി. സാവിത്രി പഴയടത്ത്, പാർട്ട്ടൈം സ്വീപ്പർ, മുണ്ടേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല. (മുണ്ടേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന).
സെക്രട്ടറി, മുണ്ടേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. Dev-1/18/2018/Fin. തീയതി 26.09.2018 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/44/2018-LSGD, Disposal EPA2/82/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Denuja MS

സെക്ഷൻ ഓഫീസർ